**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2186 — 05.12.2018 ൽ മറുപടിക്ക്

## മാനന്തവാടി ജില്ലാ ആശുപത്രിയിൽ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി ജില്ലാ ആശുപത്രിയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | മാനന്തവാടി ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഇവിടെ ഒരു ജൂനിയർ കൺസൾട്ടന്റ് (പാത്തോളജി), നാല് ലാബ് ടെക്നീഷ്യൻ, രണ്ട് റേഡിയോഗ്രാഫർ, 3 ഡയാലിസിസ് ടെക്നീഷ്യൻ, എക്സ്റേ അറ്റൻഡർ, ഫിസിയോ തെറാപ്പിസ്റ്റ്, സി.എം.ഒ., ഇ.സി.ജി. ടെക്നീഷ്യൻ, മെഡിക്കൽ റെക്കോർഡ് അറ്റൻഡർ എന്നിവയിൽ ഓരോ തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഇവിടെ എൻ.എച്ച്.എം. മുഖേന ഒ.പി. ട്രാൻസ്ഫർമേഷൻ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. |
| (ബി) | മാനന്തവാടി ജില്ലാ ആശുപത്രിയിലെ ഒ.പി. സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഒ.പി.സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ